<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1685</u>** **<u>11-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള പാറ സംഭരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര ലക്ഷം ടൺ പാറ സംഭരിച്ചിട്ടുണ്ട്; എത്ര ലക്ഷം ടൺ പാറ ഉപയോഗപ്പെടുത്തിയിട്ടുണ്ട്; ഇനി എത്ര ലക്ഷം ടൺ പാറ ആവശ്യമുണ്ട്; പ്രസ്തുത പാറ കണ്ടെത്തുന്നതിനായി സർക്കാരും നിർമ്മാണ കമ്പനിയും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ആവശ്യമായ ആകെ കരിങ്കല്ല് - 84 ലക്ഷം മെടിക് ടൺ<br>സംഭരിച്ചിട്ടുള്ള കരിങ്കല്ല് - 55.36 ലക്ഷം മെടി ടൺ<br>ഉപയോഗിച്ചിട്ടുള്ള കരിങ്കല്ല് - 50.08 ലക്ഷം മെടി ടൺ<br>ഇനി ആവശ്യമുള്ള കരിങ്കല്ല് - 28.64 ലക്ഷം മെടി ടൺ<br><br>പദ്ധതിയ്ക്കായി കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കരാർ കമ്പനി സ്വന്തമായും, പാർട്ട്ണർഷിപ്പ് വ്യവസ്ഥയിലും ആരംഭിച്ച ക്വാറികളിൽ നിന്നും, തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലെ ക്വാറികളിൽ നിന്നുമാണ് പാറ സംഭരിക്കുന്നത്. വിവിധ സർക്കാർ ഏജൻസികളെ ഏകോപിച്ചുകൊണ്ട് ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. |
| (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി തമിഴ്നാട്ടിൽ നിന്നും എത്ര ലക്ഷം ടൺ പാറ നാളിതുവരെ കൊണ്ടുവന്നിട്ടുണ്ട്; ആകെ എത്ര ടൺ പാറ കൊണ്ടുവരാനാണ് ഉദ്ദേശിച്ചിരുന്നത്; നിലവിൽ തമിഴ്നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി 19.12 ലക്ഷം മെടിക് ടൺ കരിങ്കല്ല് തമിഴ്നാട്ടിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ട്. പാറ കൊണ്ടുവരുന്നതിന് തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം നിലവിൽ മദ്രാസ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.<br>ഇതിന്റെയടിസ്ഥാനത്തിൽ തമിഴ്നാട്ടിൽ നിന്നും തടസ്സ രഹിതമായി കരിങ്കല്ല് ഇപ്പോൾ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ